## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്ത് - 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10,2009-2010 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-9,2008-2009 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-3,2009-2010 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1, 2009-2010 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-4 എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം. 227/ 16/തസ്വഭവ. തിരുവനന്തപുരം,തീയതി: 21/01/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 22/04/2015-ലെ എം3-11024/15, 18/05/2015-ലെ എം3-13297/2015, 22/04/2015-ലെ എം3-11025/15 , 22/04/2015-ലെ എം3-11026/15 , 15/05/2015-ലെ എം3-11023/15 എന്നീ നമ്പർ കത്തുകൾ.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 12/08/2015-ലെ എൽ.എഫ്. 7563/പിറ്റി1/15 , 20/08/2015-ലെ എൽ.എഫ്. 7562/പിറ്റി1/15 , 20/08/2015-ലെ എൽ.എഫ്. 7556/പിറ്റി1/15 , 20/08/2015-ലെ എൽ.എഫ്. 7997/പിറ്റി1/15 , 25/09/2015-ലെ എൽ.എഫ്.9102/പിറ്റി1/15 എന്നീ നമ്പർ കത്തുകൾ...

### <u>ഉത്തരവ്</u>

ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2006-2007 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-10 പ്രകാരം മൂല്യവർദ്ധന നികുതിയിനത്തിൽ പഞ്ചായത്ത് ഒടുക്കേണ്ടിയിരുന്ന 4% തുകയ്ക്കുപകരം 12.5% തുക ഒടുക്കിയതുമൂലം പഞ്ചായത്തിന് 79,978/-രൂപ (എഴുപത്തിയൊമ്പതിനായിരത്തി തൊള്ളായിരത്തി എഴുപത്തിയെട്ട് രൂപ മാത്രം) നഷ്ടമായതിനാൽ പ്രസ്തുത തുക ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. പ്രസ്തുത തുക വിൽപനനികുതി വകുപ്പിൽ നിന്നും ക്രമീകരിച്ചുകിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും ആഡിറ്റ് നിർദ്ദേശിച്ചിട്ടുണ്ട്. 2008-2009 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-3 പ്രകാരവും 2009-2010 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1 പ്രകാരവും സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വീട് അറ്റകുറ്റപ്പണിക്കായി ജനറൽ (വനിത) വിഭാഗത്തിന് വേണ്ടി ചെലവഴിച്ച 4,20,000(നാലു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം)രൂപ, 3,30, 000/- (മൂന്നു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) രൂപ

എന്നിവയും (യഥാക്രമം) ആഡിറ്റ് തടസ്സപ്പെടുത്തിയിട്ടുണ്ട്. 2009-2010 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-4 പ്രകാരം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി, പ്രോജക്റ്റിൽ വകയിരുത്തിയ തുകയേക്കാൾ അധികം ചെലവഴിച്ച 30, 000/-(മുപ്പതിനായിരം രൂപ മാത്രം) രൂപ ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. 2009-2010 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-9 പ്രകാരം പഞ്ചായത്തിന്റെ തനത് ആസ്തിയുടെ നിർമ്മാണത്തിനായി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് 3,37,000/-(മൂന്നു ലക്ഷത്തി മുപ്പത്തി ഏഴായിരം രൂപ മാത്രം) രൂപ ചെലവഴിച്ചത് ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ ആഡിറ്റ് പരാമർശത്തിന്റെ പകർപ്പുകൾ,ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനങ്ങൾ എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് ഡയരക്ടർ മുഖേന പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ, പഞ്ചായത്ത് ഡയരക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ 3-1, 3-3, 3-4, 3-9, 3-10 എന്നീ ഖണ്ഡികകൾ പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് പരാമർശം (2) പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിനാൽ ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2006-2007 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-10 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 79,978/-രൂപയ്ക്ക് (എഴുപത്തിയൊമ്പതിനായിരത്തി തൊള്ളായിരത്തി എഴുപത്തിയെട്ട് രൂപ മാത്രം) പ്രസ്തുത തുക വിൽപനനികുതി വകുപ്പിൽ നിന്നും ക്രമീകരിച്ചുകിട്ടുന്നപക്ഷവും 2009-2010 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-9 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 3,37,000/-(മൂന്നു ലക്ഷത്തി മുപ്പത്തിഏഴായിരം രൂപ മാത്രം) രൂപയ്ക്ക് തനത് ഫണ്ടിൽ നിന്നും പ്രസ്തുതതുക മെയിന്റനൻസ് ഫണ്ടിലേക്ക് മാറ്റി ക്രമീകരിക്കാമെന്ന വ്യവസ്ഥയിലും സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. 2008-2009 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-3 പ്രകാരവും 2009-2010 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1 പ്രകാരവും പരാമർശിച്ചിട്ടുള്ള തുകകൾ നിർദ്ധനരായ വനിതകൾ ഗൃഹനാഥരായിട്ടുള്ളതും ഗ്രാമസഭ വഴി

തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ളതുമായ വനിതകൾക്കാണ് നൽകിയിട്ടുള്ളത് എന്ന പഞ്ചായത്ത് കമ്മിറ്റിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശയുടെ അടിസ്ഥാനത്തിലും 2008-2009 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-3 പ്രകാരവും 2009-2010 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1 പ്രകാരവും ആഡിറ്റ് തടസ്സപ്പെടുത്തിയ 4,20,000(നാല്പ ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം)രൂപ, 3,30, 000/- (മൂന്നുലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) രൂപ എന്നിവയ്ക്ക്(യഥാക്രമം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2009-2010 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-4 ൽ പരാമർശിച്ചിട്ടുള്ള തുക, കാർഷികമേഖലയുടെ അഭിവൃദ്ധിക്കുവേണ്ടിയാണ് അടിയന്തിരസാഹചരത്തിൽ ചെലവഴിക്കേണ്ടി വന്നിട്ടുള്ളത് എന്ന് പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ 2009-2010 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-4 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 30,000/- (മുപ്പതിനായിരം രൂപ മാത്രം)രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,,

കെ.ആർ.പഴനിയമ്മ

ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

സെക്രട്ടറി, ചമ്പക്കുളം ഗ്രാമ പഞ്ചായത്ത്,ആലപ്പുഴ

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ